2025
DECEMBER
19
FRIDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## കേരളത്തിൽ ശമ്പളവും ക്ഷേമ പെൻഷനും മുടങ്ങിയേക്കും, കടമെടുപ്പ് പരിധി കുത്തനെ വെട്ടി

**തിരുവനന്തപുരം:** നിയമസഭാ തിരഞ്ഞെടുപ്പും സാമ്പത്തിക വർഷാവസാനവും കണക്കിലെടുത്ത് വൻ പണച്ചെലവിനു ലക്ഷ്യമിടുന്ന സംസ്ഥാന സർക്കാരിന് ഇടിത്തീയായി കേന്ദ്ര സർക്കാർ കടമെടുപ്പുപരിധി കുറച്ചു. ഇനിയുള്ള 3 മാസത്തേക്ക് കടമെടുക്കാൻ ബാക്കിയുണ്ടായിരുന്ന 12,516 കോടി രൂപയിൽനിന്ന് 5944 കോടി രൂപ ഒറ്റയടിക്ക് വെട്ടിക്കുറച്ചാണു കേന്ദ്ര ധനമന്ത്രാലയത്തിന്റെ കത്ത്. ബജറ്റിനു പുറത്ത് കിഫ്ബിയും പെൻഷൻ കമ്പനിയും അടക്കമുള്ള സ്ഥാപനങ്ങൾ അധിക വായ്പയെടുത്തു എന്ന കാരണമാണു ചൂണ്ടിക്കാട്ടിയിരിക്കുന്നത്.



ഇക്കാലയളവിൽ ഇനി കടമെടുക്കാൻ കഴിയുക 6572 കോടി മാത്രം. ജനുവരി മുതൽ മാർച്ച് വരെ കരാറുകാർക്ക് അടക്കം ബില്ലുകൾ പാസാക്കി നൽകാൻ മാത്രം 20,000 കോടി വേണം. ശമ്പളവും പെൻഷനും നൽകാൻ വേണ്ടത് 15,000 കോടിയിലേറെ. 2000 രൂപയായി വർധിപ്പിച്ച ക്ഷേമ പെൻഷനും നൽകണം. നികുതി അടക്കമുള്ള വരുമാനങ്ങൾ കൊണ്ട് ഇതിനു കഴിയില്ലെന്നാണ് ധനവകുപ്പിന്റെ വിലയിരുത്തൽ.

സംസ്ഥാന സർക്കാർ ഗാരന്റി നിൽക്കുന്ന സ്ഥാപനങ്ങൾ വായ്പകൾ തിരിച്ചടച്ചില്ലെങ്കിൽ ഉപയോഗിക്കാനായുള്ള കരുതൽഫണ്ട് രൂപീകരിക്കാത്തതിനാൽ 3300 കോടി രൂപ നേരത്തേ കടമെടുപ്പുപരിധിയിൽനിന്നു കേന്ദ്രം വെട്ടിക്കുറച്ചിരുന്നു.

ആകെ ഗാരന്റി നിൽക്കുന്ന തുകയുടെ അര ശതമാനം വീതം 5 വർഷം കൊണ്ടു രണ്ടര ശതമാനം കരുതൽ ഫണ്ടിൽ നിക്ഷേപിക്കാമെന്നു കേരളം സമ്മതിച്ചതോടെ തടഞ്ഞുവച്ച ഈ 3300 കോടി അനുവദിക്കുമെന്നായിരുന്നു പ്രതീക്ഷ. എന്നാൽ രണ്ടര ശതമാനം തുകയും ഒറ്റയടിക്കു ഫണ്ടിലേക്കു മാറ്റണമെന്ന പുതിയ നിർദേശമെത്തിയതോടെ അക്കാര്യത്തിലും സർക്കാരിന്റെ പ്രതീക്ഷയറ്റു.

## തൊഴിലുറപ്പ് പദ്ധതി ഇനി വിബി ജി റാം ; ബിൽ പാസാക്കി ലോക്സഭ



**ന്യൂദൽഹി:** മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് പകരമായി കേന്ദ്ര സർക്കാർ കൊണ്ടുവരുന്ന വികസിത് ഭാരത് റോസ്ഗാർ ആൻഡ് അജീവിക മിഷൻ ബിൽ പാസാക്കി ലോക്സഭ. പ്രതിപക്ഷം പ്രതിഷേധിച്ചെങ്കിലും കേന്ദ്രം ബിൽ പാസാക്കി.

മഹാത്മാഗാന്ധിയുടെ പേര് മാറ്റുകയല്ല ചെയ്തതെന്നും പുതിയ പദ്ധതിയാണെന്നും ബിൽ അവതരിപ്പിച്ചുകൊണ്ട് ഗ്രാമ വികസന മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ സഭയിൽ പറഞ്ഞു. ബിൽ പാസാക്കിയതിന് പിന്നാലെ പ്രതിഷേധ സൂചകമായി പ്രതിപക്ഷം സഭയിൽ ബില്ലിന്റ കോപ്പി കീറിയെറിഞ്ഞു. പിന്നാലെ ബഹളത്തിന് കീഴടങ്ങില്ലെന്ന് ശിവരാജ്സിംഗ് ചൗഹാൻ വ്യക്തമാക്കി. പദ്ധതിയിൽ നിന്നും മഹാത്മാഗാന്ധിയുടെ പേര് ഒഴിവാക്കിയതിൽ പ്രതിപക്ഷം സഭയിൽ ഗാന്ധി ചിത്രങ്ങൾ ഉയർത്തി പ്രതിഷേധിച്ചിരുന്നു. കഴിഞ്ഞ ദിവസമാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ (എംജിഎൻആർഇജിഎ) പേരും ഘടനയും മാറ്റാനുള്ള ബിൽ കേന്ദ്രസർക്കാർ അവതരിപ്പിച്ചത്.

## ബംഗ്ലാദേശിലെ വിസ അപേക്ഷാ കേന്ദ്രങ്ങൾ അടച്ചുപൂട്ടി ഇന്ത്യ

**ധാക്ക:** രാജ്യത്തെ സുരക്ഷാ സാഹചര്യങ്ങൾ കണക്കിലെടുത്ത് ബംഗ്ലാദേശിലെ വിസ അപേക്ഷാ കേന്ദ്രങ്ങൾ അടച്ചു. രജ്ഷാഹിയിലും ഖുൽനയിലുമുള്ള 2 വിസ അപേക്ഷ കേന്ദ്രങ്ങളാണ് ഇന്ത്യ അടച്ചത്.

ധാക്കയിലെ ഇന്ത്യൻ ഹൈക്കമ്മീഷന് നേരെ അടുത്ത കാലത്തുണ്ടായ ഭീഷണികൾ, ബംഗ്ലാദേശ് രാഷ്ട്രീയ നേതാക്കളുടെ പ്രകോപനപരമായ ഇന്ത്യ വിരുദ്ധ പ്രസ്താവനകൾ എന്നിവ കണക്കിലെടുത്താണ് തീരുമാനം. ബംഗ്ലാദേശിന്റെ ഹൈക്കമ്മീഷണർ മുതിർന്ന നയതന്ത്രജ്ഞൻ മുഹമ്മദ് റിയാസ് ഹമീദുള്ളയെ വിളിച്ച് പ്രതിഷേധം അറിയിച്ചതിനു പിന്നാലെയാണ് നീക്കം. കഴിഞ്ഞ ദിവസം ബംഗ്ലാദേശ് നാഷണൽ സിറ്റിസൺ പാർട്ടി നേതാവ് ഹസ്നത്ത് അബ്ദുള്ള ഇന്ത്യയുടെ വടക്കുകിഴക്കൻ സംസ്ഥാനങ്ങളെ വിവരിക്കാൻ ഉപയോഗിക്കുന്ന പദപ്രയോഗമായ ഏഴ് സഹോദരിമാരെ അറുത്തുമാറ്റും എന്ന് ഭീഷണിപ്പെടുത്തിയിരുന്നു. ഇതിനെതിരേ ഇന്ത്യ രൂക്ഷമായ ഭാഷയിൽ പ്രതികരിച്ചിരുന്നു.

## വെളിച്ചെണ്ണ വില ഇനിയും കുറയും; ലിറ്ററിന് 180 രൂപ വരെയാകാൻ സാധ്യത

**തിരുവനന്തപുരം:** വൻ കുതിപ്പിനു ശേഷം വെളിച്ചെണ്ണ വില ഇപ്പോൾ ഇടിവിലാണ്. ഓണക്കാലത്ത് ലിറ്ററിന് 400 രൂപ വരെയായിരുന്ന വെളിച്ചെണ്ണയ്ക്ക് ഇപ്പോൾ ലിറ്ററിന് 360 രൂപയാണ് വില. കർണാടകയിലും തമിഴ്നാട്ടിലും തേങ്ങ ഉത്പാദനം വർധിക്കുകയും വിപണിയിലേക്ക് കൊപ്ര ധാരാളമായി എത്തുകയും ചെയ്തതോടെയാണ് വെളിച്ചെണ്ണ വില കുറയാൻ തുടങ്ങിയത്.

ഇത്തരത്തിൽ തുടരുകയാണെങ്കിൽ അടുത്ത വർഷവും വെളിച്ചെണ്ണ വില കുറയുമെന്നാണ് നിരീക്ഷകർ പറയുന്നത്. അങ്ങനെയെങ്കിൽ ഏപ്രിൽ ആകുന്നതോടെ ലിറ്ററിന് 180 രൂപ വരെയായി വെളിച്ചെണ്ണ വില കുറഞ്ഞേക്കാം.

ആഴ്ച തോറും വെളിച്ചെണ്ണവിലയിൽ 10 രൂപ മുതൽ 20 രൂപ വരെയാണ് വർധനയുണ്ടായിരുന്നത്. മില്ലുകളിൽനിന്ന് ഒരുകിലോ വെളിച്ചെണ്ണ വാങ്ങാൻ 420-450 രൂപ വരെ കൊടുക്കേണ്ട സാഹചര്യമായിരുന്നു. തേങ്ങ ലഭ്യത കുറഞ്ഞതും വില കൂടിയതും വെളിച്ചെണ്ണ ഉത്പാദനച്ചെലവിലുണ്ടായ വർധനയുമാണ് വെളിച്ചെണ്ണ വില ഉയർത്തിയത്.

ICL
Join ICL, Grow with us
ICL Fincorp
ഗോൾഡ് ലോൺ @ 75* പൈസ
*As Per EMI Scheme Basis *T&C Apply
പ്രതിമാസ പലിശ നിരക്ക് 100 രൂപയ്ക്ക്
കുറഞ്ഞ പലിശ നിരക്ക്
ഉയർന്ന മൂല്യം | അതിവേഗം
TOLL-FREE : 1800 31 333 53

### ഇന്ത്യ–ഒമാൻ സ്വതന്ത്ര വ്യാപാര കരാർ

## ഇന്ത്യയുടെ 98% ഉൽപന്നങ്ങൾക്കും ഇനി നികുതി ഇല്ല

**മസ്കത്ത്:** രണ്ടു പതിറ്റാണ്ടിനിടെ ഒമാൻ ഇതാദ്യമായി മറ്റൊരു രാജ്യവുമായി സ്വതന്ത്ര വ്യാപാരക്കരാറിൽ ഒപ്പുവയ്ക്കുന്നു, ഇന്ത്യയുമായി. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെയും ഒമാൻ ഭരണാധികാരി ഹൈതം ബിൻ താരികിന്റെയും സാന്നിധ്യത്തിൽ ഇന്നാണ് കരാർ യാഥാർഥ്യമാകുന്നത്.



കരാർ പ്രകാരം വസ്ത്രം, ഭക്ഷ്യ സംസ്കരണം, വാഹനങ്ങൾ, രത്നങ്ങളും ആഭരണങ്ങളും, അഗ്രോകെമിക്കൽസ്, പുനരുപയോഗ ഊർജം തുടങ്ങിയ മേഖലകളിൽ കയറ്റുമതിക്ക് ഇതിലൂടെ ഇന്ത്യയ്ക്കു വലിയ അവസരങ്ങൾ ലഭിക്കും. ഇന്ത്യയിലെ 98% ഉൽപന്നങ്ങൾക്കും ഒമാനിലേക്ക് നികുതി രഹിത പ്രവേശനം ഉറപ്പാകും.

2020നുശേഷം ഒമാനിലെ ഇന്ത്യൻ നിക്ഷേപം മൂന്നിരട്ടിയായി വർധിച്ച് 500 കോടി ഡോളറിൽ എത്തിയതായി ഒമാൻ വാണിജ്യ മന്ത്രി കൈസ് അൽ യൂസഫ് പറഞ്ഞു. ഒമാന്റെ മൂന്നാമത്തെ വലിയ വ്യാപാര പങ്കാളിയായി ഇന്ത്യ ഉയർന്നത്. ഇന്ത്യഒമാൻ സ്വതന്ത്ര വ്യാപാര കരാർ പ്രധാന മേഖലകളിൽ പുതിയ വഴികൾ തുറക്കുമെന്ന് മസ്കത്തിൽ ഇന്ത്യഒമാൻ ബിസിനസ് ഫോറത്തിൽ വാണിജ്യ മന്ത്രി പീയൂഷ് ഗോയൽ പറഞ്ഞു.

## ഇന്ത്യ–ഇസ്രയേൽ ബന്ധം ശക്തമാകുന്നു, നെതന്യാഹു ഇന്ത്യയിലേക്ക്

**ജറുസലം:** സുരക്ഷ, സാങ്കേതിക വിദ്യ, സാമ്പത്തിക രംഗം തുടങ്ങിയ മേഖലകളിലെ സഹകരണം വർധിപ്പിക്കാൻ ഇസ്രയേൽ പ്രധാനമന്ത്രി ബെന്യാമിൻ നെതന്യാഹുവും ഇന്ത്യൻ വിദേശകാര്യമന്ത്രി എസ്. ജയശങ്കറും തമ്മിൽ നടന്ന ചർച്ചയിൽ തീരുമാനിച്ചു.



കൂടിക്കാഴ്ചയുടെ ചിത്രങ്ങൾ നെതന്യാഹുവും സമൂഹമാധ്യമത്തിൽ പങ്കുവച്ചു. 2 ദിവസത്തെ സന്ദർശനത്തിനെത്തിയ ജയശങ്കർ, ഇസ്രയേൽ പ്രസിഡന്റ് ഇസാക്ക് ഹെർസോഗുമായും കൂടിക്കാഴ്ച നടത്തി. പ്രതിരോധ മന്ത്രി ഗീഡിയാൻ സാറുമായും ചർച്ച നടത്തി.

നെതന്യാഹുവിന്റെ ഇന്ത്യ സന്ദർശനത്തിനു മുന്നോടിയായാണ് ജയശങ്കറിന്റെ സന്ദർശനം. അടുത്തിടെ ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോദി നെതന്യാഹുവുമായി ടെലിഫോൺ സംഭാഷണം നടത്തിയിരുന്നു.



# ട്രാൻസ്പ്ലാന്റ് ഇൻസ്റ്റിറ്റ്യൂട്ട് ആദ്യഘട്ടം ഉടൻ പ്രവർത്തനം ആരംഭിക്കും: മന്ത്രി വീണാ ജോർജ്

**തിരുവനന്തപുരം:** കോഴിക്കോട് സ്ഥാപിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ട്രാൻസ്പ്ലാന്റേഷനായി 60 തസ്തികകൾ സൃഷ്ടിക്കാൻ മന്ത്രിസഭാ യോഗം അനുമതി നൽകിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. പ്രൊഫസർ 14, അസോസിയേറ്റ് പ്രൊഫസർ 7, അസിസ്റ്റന്റ് പ്രൊഫസർ 39 എന്നിങ്ങനെയാണ് തസ്തികകൾ സൃഷ്ടിക്കുന്നത്. ആദ്യ ഘട്ടം ഉടൻ പ്രവർത്തനമാരംഭിക്കും. ആദ്യ ഘട്ടത്തിൽ കോഴിക്കോട് മെഡിക്കൽ കോളേജിലായിരിക്കും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ട്രാൻസ്പ്ലാന്റേഷൻ പ്രവർത്തിക്കുക. ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഒന്നാംഘട്ട നിർമ്മാണം ഉടൻ ആരംഭിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

ഇൻസ്റ്റിറ്റ്യൂട്ട് യാഥാർത്ഥ്യമാക്കുന്നതിന് 643.88 കോടി രൂപയാണ് അനുവദിച്ചത്. അത്യാധുനിക ഉപകരണങ്ങളും സംവിധാനങ്ങളും ഉൾപ്പെടെ സജ്ജമാക്കിയാണ് ഇൻസ്റ്റിറ്റ്യൂട്ട് യാഥാർത്ഥ്യമാക്കുന്നത്. അവയവദാന മേഖലയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ഒരു കുടക്കീഴിൽ കൊണ്ടു വരുന്നതിനാണ് ട്രാൻസ്പ്ലാന്റ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നത്. വിദഗ്ധ പരിശീലനം സിദ്ധിച്ച ഡോക്ടർമാരും ശാസ്ത്രജ്ഞരും ആരോഗ്യ പ്രവർത്തകരും ഉൾപ്പെടുന്ന ഒരു പ്രത്യേക സ്ഥാപനമായിരിക്കുമിത്.

അവയവം മാറ്റിവയ്ക്കലുമായി ബന്ധപ്പെട്ടുള്ള ചികിത്സ, അധ്യാപനം, പരിശീലനം, ഗവേഷണം, അവയവദാന പ്രവർത്തനങ്ങൾ തുടങ്ങിയവ ഇതിലൂടെ സാധ്യമാകും. അവയവങ്ങൾക്ക് കേടുപാട് വന്നവരുടെ ചികിത്സ മുതൽ അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയും പുനരധിവാസവും വരെയുള്ള സമഗ്ര പരിചരണവും സാധ്യമാക്കുന്ന തരത്തിലാണ് രൂപകൽപന ചെയ്തിരിക്കുന്നത്.

കോഴിക്കോട് ചേവായൂരിൽ 20 ഏക്കറിലാണ് ട്രാൻസ്പ്ലാന്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നത്. 6 നിലകളുള്ള 4 ബ്ലോക്കുകളുണ്ടാകും. 219 ജനറൽ കിടക്കകൾ, 42 പ്രത്യേക വാർഡ് കിടക്കകൾ, 58 ഐസിയു കിടക്കകൾ, 83 എച്ച്ഡിയു കിടക്കകൾ, 16 ഓപ്പറേഷൻ റൂമുകൾ, ഡയാലിസിസ് സെന്റർ, ട്രാൻസ്പ്ലാന്റേഷൻ ഗവേഷണ കേന്ദ്രം എന്നിവയുൾപ്പെടെ 510 കിടക്കകളുള്ള അത്യാധുനിക ആശുപത്രി സംവിധാനമാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഒന്നാം ഘട്ടത്തിൽ 330 കിടക്കകളും 10 ഓപ്പറേഷൻ തീയറ്ററുകളും രണ്ടാം ഘട്ടത്തിൽ 180 കിടക്കകളും 6 ഓപ്പറേഷൻ തീയറ്ററുകളും സജ്ജമാക്കുന്നതാണ്. ആദ്യ ഘട്ടത്തിൽ 14 സ്പെഷ്യാലിറ്റി വിഭാഗങ്ങളും രണ്ടാം ഘട്ടത്തിൽ 7 സ്പെഷ്യാലിറ്റി വിഭാഗങ്ങളും ഉണ്ടാകും. അധ്യാപനത്തിനും വലിയ പ്രാധാന്യം നൽകുന്നു. 31 അക്കാദമിക് കോഴ്സുകൾ ആരംഭിക്കുന്നതിന് ലക്ഷ്യം വയ്ക്കുന്നു. കോർണിയ, വൃക്ക, കരൾ, കുടൽ, പാൻക്രിയാസ്, ഹൃദയം, ശ്വാസകോശം, മജ്ജ, സോഫ്റ്റ് ടിഷ്യൂ, കൈകൾ, ബോൺ മാറ്റിവയ്ക്കൽ തുടങ്ങിയവയെല്ലാം ഈ സെന്ററിലൂടെ സാധ്യമാകും.

സംസ്ഥാനത്ത് തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് മെഡിക്കൽ കോളേജുകൾ, എറണാകുളം ജനറൽ ആശുപത്രി എന്നിവിടങ്ങളിലാണ് നിലവിൽ അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ നടക്കുന്നത്. അവയവദാന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഈ സർക്കാർ കെസോട്ടോ രൂപീകരിച്ചു. ഇതുകൂടാതെയാണ് ഈ രംഗത്ത് മികച്ച മാതൃകയായി ട്രാൻസ്പ്ലാന്റ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നത്.

# വെറ്ററിനറി സർവ്വകലാശാലയിൽ 5മത് ബിരുദദാനം സംഘടിപ്പിച്ചു

**പൂക്കോട്:** യുവതലമുറ സംരംഭകത്വ മേഖലയെ പ്രോത്സാഹിപ്പിച്ച് തൊഴിലന്വേഷണത്തിനൊപ്പം തൊഴിൽദാതാക്കളാവണമെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ. പൂക്കോട് വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് സർവ്വകലാശാലയിലെ അഞ്ചാമത് ബിരുദദാന സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു സർവ്വകലാശാല ചാൻസലർ കൂടിയായ ഗവർണ്ണർ. സർവ്വകലാശാലയിൽ നിന്നും വിജയിച്ച് വിദ്യാർത്ഥികൾക്കുള്ള സ്വർണ്ണമെഡലും വിവിധ കോഴ്സുകൾ പൂർത്തിയാക്കിയവർക്ക് സർട്ടിഫിക്കറ്റും ഗവർണർ വിതരണം ചെയ്തു. ബിരുദ പഠനത്തിന് ശേഷം ജോലി ചെയ്യുകയെന്നത് മാത്രമാകരുത് യുവജനങ്ങളുടെ ലക്ഷ്യമെന്നും മറ്റുള്ളവർക്ക് ജോലി നൽകാനുതകുന്ന നൂതന സംരംഭങ്ങൾക്ക് തുടക്കം കുറിയ്ക്കാൻ ശ്രമിക്കണമെന്നും ഗവർണർ പറഞ്ഞു.

രാജ്യത്തെ രണ്ട് സർവ്വകലാശാലകളിൽ മാത്രമാണ് പൗൾട്രി സയൻസിൽ കോഴ്സുകൾ നടക്കുന്നത്. അതിലൊന്ന് പൂക്കോട് വെറ്ററിനറി സർവ്വകലാശാല എന്നത് അഭിമാനിക്കാവുന്ന കാര്യമാണെന്നും വിദ്യാർത്ഥികൾക്ക് പഠനം പൂർത്തിയാക്കുന്നതോടെ വിദേശ രാജ്യങ്ങളിൽ തൊഴിലവസരങ്ങൾ ലഭിക്കുന്നത് പ്രശംസനീയമാണെന്നും അദ്ദേഹം പറഞ്ഞു. യുവസംരംഭകർക്ക് പ്രോത്സാഹനം നൽകുന്ന നിരവധി പദ്ധതികൾ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ടെന്നും സർവ്വകലാശാലയ്ക്ക് കീഴിൽ സംരംഭകത്വ വികസനത്തിന് പ്രത്യേക സെൽ ആരംഭിക്കുമെന്നും അദ്ദേഹം അറിയിച്ചു. ബിരുദം കരസ്ഥമാക്കിയ വിദ്യാർത്ഥികൾ സ്ത്രീധനത്തിനെതിരെ ഒപ്പിട്ട് സമർപ്പിച്ച സത്യവാങ്മൂലം സംസ്ഥാനത്തിനാകെ മാതൃകയാണെന്ന് ഗവർണർ വ്യക്തമാക്കി.

ബി.വി.എസ്.സി ആൻഡ് എ.എച്ച്, എം.വി.എസ്.സി, പി.എച്ച്.ഡി, ബി.ടെക് (ഡയറി സയൻസ്), എം.ടെക്, പി.എച്ച്.ഡി, ബി.എസ്.സി (പി.പി.ബി.എം), വിവിധ ഡിപ്ലോമ കോഴ്സുകൾ വിജയികരമായി പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്കാണ് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തത്. പരിപാടിയിൽ ഉന്നതവിജയം നേടിയ വിദ്യാർത്ഥികൾക്കുള്ള സ്വർണ്ണ മെഡലുകളും, 300 ഓളം വിദ്യാർത്ഥികൾക്കുള്ള ബിരുദ, ബിരുദാനന്തര ബിരുദ, ഡോക്ടറേറ്റ് സർട്ടിഫിക്കറ്റുകൾ, എം.എസ്.സി, എം.എസ്, ഡിപ്ലോമ സർട്ടിഫിക്കറ്റുകൾ എന്നിവ വിതരണം ചെയ്തു.

മൃഗ സംരക്ഷണക്ഷീര വികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി പരിപാടിയിൽ അധ്യക്ഷയായി.

ബിരുദധാരികളുടെ തുടർ പ്രവൃത്തികളാണ് വെറ്ററിനറി രംഗത്തെ മാറ്റങ്ങൾക്ക് പ്രചോദനമാകുകയെന്നും കർഷകർക്ക് കൈത്താങ്ങാവേണ്ടത് ധർമ്മമാണെന്നും മന്ത്രി ഓർമ്മിപ്പിച്ചു. നാഷണൽ ഡയറി ഡെവലപ്മെന്റ് ബോർഡ് ചെയർമാൻ ഡോ. മീനേഷ് ഷാ ഓൺലൈനായി സംസാരിച്ചു.

## ഇന്റർവ്യൂ നടത്തും

**തിരുവനന്തപുരം:** ബാർട്ടൺഹിൽ എൻജിനീയറിങ് കോളേജിനോടനുബന്ധിച്ച് പ്രവർത്തിക്കുന്ന വനിതാ ഹോസ്റ്റലിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ കിച്ചൺ ഹെൽപ്പറെ നിയമിക്കുന്നു. എട്ടാം ക്ലാസ് യോഗ്യതയും 40-60 ഇടയിൽ പ്രായവുമുള്ള വനിതാ ഉദ്യോഗാർഥികളുടെ (സമാന ജോലികളിൽ പ്രവർത്തിപരിയം അഭിലഷണീയം) വാക് ഇൻ ഇന്റർവ്യു ഡിസംബർ 20 ഉച്ചയ്ക്ക് 12ന് കോളേജിൽ നടത്തും. താത്പര്യമുള്ളവർ വയസ്, യോഗ്യത, പ്രവർത്തിപരിചയം, തിരിച്ചറിയൽ രേഖ എന്നിവയുടെ അസൽ രേഖകൾ സഹിതം കോളജ് ഓഫീസിൽ ഹാജരാകണം.

## വാക് ഇൻ ഇന്റർവ്യു

**തിരുവനന്തപുരം:** ബാർട്ടൺഹിൽ എൻജിനീയറിങ് കോളേജിനോടനുബന്ധിച്ച് പ്രവർത്തിക്കുന്ന വനിതാ ഹോസ്റ്റലിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ കുക്കിനെ നിയമിക്കും. എട്ടാം ക്ലാസ്സും കുക്ക്/ അസിസ്റ്റന്റ് കുക്ക് തസ്തികയിൽ രണ്ട് വർഷത്തെ പ്രവൃത്തി പരിചയവുമാണ് യോഗ്യത. പ്രായപരിധി 40-60 വയസ്സ്. വാക് ഇൻ ഇന്റർവ്യു ഡിസംബർ 20 രാവിലെ 10ന് കോളേജിൽ നടക്കും. താത്പര്യമുള്ളവർ വയസ്, യോഗ്യത, പ്രവർത്തിപരിചയം, തിരിച്ചറിയൽ രേഖ എന്നിവയുടെ അസൽ രേഖകൾ സഹിതം കോളജ് ഓഫീസിൽ ഹാജരാകണം.

## അപേക്ഷ ക്ഷണിച്ചു

**തിരുവനന്തപുരം:** തിരുവനന്തപുരം നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗ് വിവിധ തസ്തികകളിലേക്ക് അപേക്ഷകൾ ക്ഷണിച്ചു. ഒരു പ്രോജക്ടിലേക്ക് സ്പീച്ച് ലാംഗ്വേജ് പാത്തോളജിസ്റ്റ്, ഫിനാൻസ് ഡിപ്പാർട്ട്മെൻറിൽ അസിസ്റ്റന്റ്ഷിപ്പ്, ഏർലി ഇൻറർവെൻഷൻ പ്രോഗ്രാമിൽ ടീച്ചിംഗ് അസിസ്റ്റന്റ്, ഫിസിയോതെറാപ്പിയിൽ ക്ലിനിക്കൽ സൂപ്പർവൈസർ എന്നീ ഒഴിവുകളാണുള്ളത്. യോഗ്യത, പരിചയം, അപേക്ഷിക്കേണ്ട വിധം, അവസാന തീയതി എന്നിവ സംബന്ധിച്ച വിശദാംശങ്ങൾക്ക് http://nish.ac.in/others/career സന്ദർശിക്കാം.

## അപേക്ഷ സ്വീകരിക്കുന്ന തിയതി നീട്ടി

**തൃശ്ശൂർ:** ജില്ലാ ലീഗൽ സർവീസസ് അതോറിറ്റിയിലും താലൂക്ക് ലീഗൽ സർവീസസ് കമ്മിറ്റിയിലും പാരാ ലീഗൽ വോളണ്ടിയർമാരായി പ്രവർത്തിക്കുന്നതിനായുള്ള അപേക്ഷകൾ സ്വീകരിക്കുന്നതിന്റെ തിയതി ഡിസംബർ 20 വരെ നീട്ടി. പത്താം ക്ലാസ്സ് പാസ്സായവർക്ക് മുൻഗണന. അപേക്ഷകർ സജീവ രാഷ്ട്രീയ പ്രവർത്തകരോ ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ടവരോ ആയിരിക്കരുത്. ചട്ടപ്രകാരമുള്ള ഓണറേറിയം കൂടാതെ ശമ്പളമോ മറ്റാനുകൂല്യങ്ങളോ ഉണ്ടായിരിക്കുന്നതല്ല. തെരഞ്ഞെടുക്കപ്പെടുന്നവർ പ്രതിമാസ ട്രെയിനിങ്ങിന് കൃത്യമായി പങ്കെടുക്കണം. ജില്ലാ ലീഗൽ സർവീസസ് അതോറിറ്റിയും താലൂക്ക് ലീഗൽ സർവീസസ് കമ്മിറ്റിയും ആവശ്യപ്പെടുന്ന ചുമതലകൾ ഹോണറേറിയം പ്രതീക്ഷിക്കാതെ ഏറ്റെടുക്കാൻ സന്നദ്ധരായിരിക്കണം.

സർവീസിലുള്ളവരും വിരമിച്ചവരുമായ അദ്ധ്യാപകർ, വിരമിച്ച സർക്കാർ ജീവനക്കാർ, എം.എസ്.ഡബ്ലിയു വിദ്യാർത്ഥികൾ, എം.എസ്.ഡബ്ലിയൂ അദ്ധ്യാപകർ, അംഗനവാടി ജീവനക്കാർ, ഡോക്ടർമാർ, വിദ്യാർത്ഥികൾ, അഭിഭാഷകരായി എൻറോൾ ചെയ്യാത്ത നിയമ വിദ്യാർത്ഥികൾ, രാഷ്ട്രീയേതര എൻ ജി ഒകൾ, രാഷ്ട്രീയേതര ക്ലബുകൾ, സ്വയം സഹായ സംഘങ്ങളിലെ അംഗങ്ങൾ, ഭിന്നലിംഗക്കാർ, നല്ല സ്വഭാവവും വിദ്യാഭ്യാസവുമുള്ള ദീർഘകാല ശിക്ഷ അനുഭവിക്കുന്ന തടവുകാർ തുടങ്ങിയവർക്കും അപേക്ഷിക്കാം. ജില്ലാ നിയമ സേവന അതോറിറ്റി, എ.ഡി.ആർ ബിൽഡിംഗ്, അയ്യന്തോൾ പി.ഒ തൃശ്ശൂർ, 680003 എന്ന വിലാസത്തിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്. ഫോൺ: 0487-2363770.

## അവലോകന യോഗം ചേർന്നു

**തൃശ്ശൂർ:** സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ബാലനീതി, പോക്സോ, ആർ.റ്റി ഇ നിയമങ്ങളുമായി ബന്ധപ്പെട്ട ചുമതലക്കാരുടെ ജില്ലാ തല അവലോകന യോഗം ചേർന്നു. ജില്ലാ കളക്ട്രേറ്റിലെ അനക്സ് ഹാളിൽ നടന്ന യോഗത്തിൽ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ അംഗം ടി. സി ജലജമോൾ അധ്യക്ഷത വഹിച്ചു.

കുട്ടികളുടെ പ്രധാനമായ നാല് അവകാശങ്ങളെക്കുറിച്ചും അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി വിവിധ വകുപ്പുകളുടെ ഏകോപന സംവിധാനത്തിന്റെ പ്രധാന്യത്തെ കുറിച്ചും സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ അംഗം ടി.സി ജലജമോൾ സംസാരിച്ചു. കുട്ടികളുടെ ക്ഷേമ താത്പര്യങ്ങൾ മുൻനിർത്തി എല്ലാ വകുപ്പുകളുടെയും കൂട്ടായ ഏകോപനം ആവശ്യമാണെന്ന് കമ്മീഷൻ അംഗം കെ.കെ ഷാജു പറഞ്ഞു. കുട്ടികളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ റിപ്പോർട്ടുകൾ, കുട്ടികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ എന്നിവ വിവിധ വകുപ്പുകൾ യോഗത്തിൽ അവതരിപ്പിച്ചു. വെല്ലുവിളികൾ പരിഹരിക്കുന്നതിനാവശ്യമായ നിർദേശങ്ങൾ കമ്മീഷൻ യോഗത്തിൽ മുന്നോട്ട് വച്ചു.



ജെഎസ്എസ് പ്രൊഫ എ. വി താമരാക്ഷൻ വിഭാഗവും കേരള കോൺഗ്രസ് മാത്യു സ്റ്റീഫൻ വിഭാഗവും ഹം പാർട്ടിയിൽ ലയിക്കുന്നതിന്റെ ഭാഗമായി എറണാകുളം ഹോട്ടൽ റിനൈയിൽ നടന്ന ലയന സമ്മേളനം പാർട്ടി ദേശീയ ഓർഗനൈസിംഗ് ജനറൽ സെക്രട്ടറി സുബീഷ് വാസുദേവ് ഉദ്ഘാടനം ചെയ്യുന്നു. സിബി ജോർജ്ജ്, സ്വാമി നിത്യ ചൈതന്യ യതി, മാത്യു സ്റ്റീഫൻ, പ്രൊഫ. എ. വി താമരാക്ഷൻ, രാജേഷ്കുമാർ പാണ്ഡെ, ആർച്ച് ബിഷപ്പ് ഡോ.ബാബു ജോർജ്ജ്, ബിഷപ്പ് കേസരി , ബിഷപ്പ് മാർലിയോസ് യോഹനന്നാൻ കുര്യാക്കോസ് സണ്ണി ആലപ്പാട്ട്, ബിഷപ്പ് സണ്ണി അബ്രാഹം, ബിഷപ്പ് ജോൺ ബെർത്തലോമിയോസ്, ബാലരാമപുരം സുരേന്ദ്രൻ എന്നിവർ വേദിയിൽ

# കേരളം പിടിക്കാൻ 'ഹം'

## ജെഎസ്എസ് താമരാക്ഷൻ വിഭാഗവും മാത്യു സ്റ്റീഫനും 'ഹം'മ്മിൽ ലയിച്ചു

**കൊച്ചി:** എൻഡിഎയുടെ പ്രധാന ഘടകകക്ഷി കേന്ദ്രമന്ത്രി ജിതൻ റാം മഞ്ജിയുടെ നേതൃത്വത്തിലുള്ള ഹിന്ദുസ്ഥാനി അവാം മോർച്ച (സെക്കുലർ) ഹം പാർട്ടി ഉത്തരേന്ത്യയ്ക്ക് പിന്നാലെ കേരളത്തിൽ പ്രവർത്തനം ശക്തിപ്പെടുത്തുന്നു. ജെഎസ്എസിലെ പ്രൊഫ എ. വി താമരാക്ഷൻ വിഭാഗവും കേരള കോൺഗ്രസ് നേതാവും മുൻ എംഎൽഎയുമായ മാതു സ്റ്റീഫൻ, റിപ്പബ്ലിക്ക് പാർട്ടി ഓഫ് ഇന്ത്യ നേതാവ് ഷെറീഫ് ബാബു എന്നിവരുടെ നേതൃത്വത്തിലുള്ള വിഭാഗവും ഹം പാർട്ടിയിൽ ലയിച്ചു.

ലയനത്തിന് പിന്തുണയുമായി കേരളത്തിലെ വിവിധ ക്രൈസ്തവ സഭാമേലധ്യക്ഷന്മാരും ഹൈന്ദവ സംഘടനാ നേതാക്കളും. എറണാകുളത്തെ ഹോട്ടൽ റിണൈ കൊച്ചി ഓഡിറ്റോറിയത്തിൽ നടന്ന സമ്മേളനത്തിലായിരുന്നു പ്രൊഫ. എ. വി താമരാക്ഷന്റെയും മാത്യു സ്റ്റീഫന്റെയും നേതൃത്വത്തിലുള്ള നേതാക്കളും പ്രവർത്തകരും ഹം പാർട്ടിയിൽ ലയിച്ചത്. പാർട്ടി ദേശീയ പ്രസിഡന്റും ബീഹാർ മന്ത്രിയുമായ സന്തോഷ് കുമാർ സുമൻ ലയന സമ്മേളനം ഓൺലൈനായി ഉദ്ഘാടനം ചെയ്തു. രാജ്യത്തെ സാധാരണക്കാരായ ജനങ്ങളുടെ ഉന്നമനം ലക്ഷ്യമിട്ട് രൂപീകരിച്ച പാർട്ടിയാണ് ഹം പാർട്ടിയെന്നും ഉത്തരേന്ത്യയ്ക്ക് പിന്നാലെ കേരളത്തിലൂടെ ദക്ഷിണേന്ത്യയിലേക്കും പാർട്ടിയുടെ പ്രവർത്തനം വ്യാപിക്കുകയാണെന്നും സന്തോഷ് കുമാർ സുമൻ പറഞ്ഞു. വരും നാളുകളിൽ മറ്റുപാർട്ടികളിലെ കൂടുതൽ നേതാക്കളും പ്രവർത്തകരും ഹം പാർട്ടിയുടെ കൊടിയുടെ കീഴിൽ അണി നിരക്കുമെന്നും അദ്ദേഹം പറഞ്ഞു.

പാർട്ടിയിലേക്ക് എത്തിയ നേതാക്കളെയും പ്രവർത്തകരെയും ദേശീയ മുഖ്യ ജനറൽ സെക്രട്ടറി രാജേഷ്കുമാർ പാണ്ഡേ ഷാളണിയിച്ച് സ്വീകരിച്ചു. ഹം പാർട്ടിയുടെ വെബ്സൈറ്റിന്റെ ലോഞ്ചിംഗും അംഗത്വ വിതരണ ക്യാമ്പയിനും രാജേഷ്കുമാർ പാണ്ഡേ ചടങ്ങിൽ നിർവ്വഹിച്ചു. കേരള രാഷ്ട്രീയത്തിൽ വരും നാളുകളിൽ ഹം പാർട്ടി നിർണ്ണായക ശക്തിയായി മാറുമെന്ന് പ്രൊഫ. എ. വി താമാരാക്ഷൻ പറഞ്ഞു. സാധാരണക്കാരുടെയും കർഷകരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനുമായി ഹം പാർട്ടി മുന്നിലുണ്ടാകുമെന്ന് മാത്യു സ്റ്റീഫൻ പറഞ്ഞു. പാർട്ടിയുടെ പ്രവർത്തനം കേരളത്തിൽ വ്യാപിക്കുന്നതിന്റെ ഭാഗമായി ജനുവരി 10 മുതൽ ഫെബ്രുവരി 10 വരെ കാസർകോഡ് നിന്നും തിരുവനന്തപുരം വരെ വാഹന പ്രചരണ ജാഥ സംഘടിപ്പിക്കുമെന്ന് ദേശീയ ഓർഗനൈസിംഗ് ജനറൽ സെക്രട്ടറി സുബീഷ് വാസുദേവ് പറഞ്ഞു. ജാഥയുടെ ഭാഗമായി കോഴിക്കോട് മതേരത്വ സമ്മേളനവും തൃശൂരിൽ സമത്വ സമ്മേളനവും കോട്ടയത്ത് യുവജന ശാക്തീകരണ സമ്മേളനവും തിരുവനന്തപുര സ്ത്രീ ശാക്തീകരണ സമ്മേളനവും സംഘടിപ്പിക്കുമെന്നും സുബീഷ് വാസുദേവ് പറഞ്ഞു.

എസ്എസ്ഡി മൂകാംബിക ട്രസ്റ്റ് സ്വാമി നിത്യ ചൈതന്യ യതി, വിവിധ ക്രൈസ്തവ സഭാ നേതാക്കളായ ആർച്ച് ബിഷപ്പ് ഡോ.ബാബു ജോർജ്ജ്, ബിഷപ്പ് കേസരി (ബിഷപ്പ് കൗൺസിൽ ഓഫ് ഇന്ത്യ), ബിഷപ്പ്. ഡോ. ബെസേലിയോസ് മാർത്തോമാ യാക്കോബ് പ്രഥമൻ, ബിഷപ്പ് മാർലിയോസ് യോഹനന്നാൻ കുര്യാക്കോസ് സണ്ണി ആലപ്പാട്ട്, ഡോ. മാർക്കസ് മാർ സൈമൺ പള്ളിക്കുന്ന്, ബിഷപ്പ് സണ്ണി അബ്രാഹം, ബിഷപ്പ് ജോൺ ബെർത്തലോമിയോസ്, ഫാ. മാത്തുക്കുട്ടി, ഫാ. ബിജു സാം, ഫാ. മത്തായി ചാക്കോ, ഫാ. ബിജു. സി വള്ളവനാടൻ, ജെ.എസ്.എസ് താമരാക്ഷൻ വിഭാഗം നേതാവ് ബാലരാമപുരം സുരേന്ദ്രൻ, ഹം പാർട്ടി ദേശിയ ജനറൽ സെക്രട്ടറി വിനോദ് കുമാർ, സെക്രട്ടറി റെസ് ലി മാംഗാശ്ശേരി, സംസ്ഥാന പ്രസിഡന്റ് സിബി ജോർജ്ജ്, ചീഫ് ജനറൽ സെക്രട്ടറി ശിവശങ്കർ, കർണാടക പ്രസിഡന്റ് മായാ പ്രദീപ്, തമിഴ്നാട് പ്രസിഡന്റ് എം. ബാലാജി, വിജയ് ഫാൻസ് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് സനൂപ് യൂസഫ് തുടങ്ങിയവർ സംസാരിച്ചു.

## മെഗാ മാരത്തോൺ സംഘടിപ്പിച്ചു

**മലപ്പുറം:** സ്ത്രീകൾക്കും പെൺകുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങളും ലിംഗ വിവേചനങ്ങളും അവസാനിപ്പിക്കുന്നതിനായി വനിതാ ശിശു വികസന വകുപ്പിന്റെ ഓറഞ്ച് ദ വേൾഡ് ക്യാംപയിനിന്റെ ഭാഗമായി മെഗാ മാരത്തോൺ സംഘടിപ്പിച്ചു. യുണൈറ്റഡ് ടു എൻഡ് ഡിജിറ്റൽ വയലൻസ് എഗൈൻസ്റ്റ് ഓൾ വുമൺ ആൻഡ് ഗേൾസ് എന്ന തീമിനെ ആസ്പദമാക്കി സംഘടിപ്പിച്ച മാരത്തോൺ ജില്ലാ കളക്ടർ വി.ആർ. വിനോദ് ഫ്ളാഗ് ഓഫ് ചെയ്തു. കളക്ടർ ബംഗ്ലാവിൽ നിന്നാരംഭിച്ച് പൊലിസ് സ്റ്റേഷൻ വഴി കളക്ടറേറ്റ് പരിസരത്ത് മാരത്തോൺ സമാപിച്ചു. ജില്ലാ വനിത ശിശുവികസന ഓഫീസർ ഗോപകുമാർ പരിപാടിക്ക് നേതൃത്വം നൽകി. ഫ്രണ്ട്സ് കോട്ടക്കുന്ന്, ഷാജു റോഡ് റസിഡെൻസ് അസോസിയേഷൻ, സീനിയർ ചേംബർ ഇന്റർനാഷണൽ മലപ്പുറം, വൈ.എം.സി.എ തുടങ്ങിയ ക്ലബ്ബുകളിലെ ഭാരവാഹികൾ, വനിതാ ശിശു വികസന വകുപ്പിലെ ജീവനക്കാർ, അങ്കണവാടി വർക്കർമാർ തുടങ്ങിയവർ പങ്കെടുത്തു.

## കുടുംബശ്രീ ജില്ലാ മിഷൻ ബിസിനസ് ടു ബിസിനസ് മീറ്റ് സംഘടിപ്പിച്ചു

**മലപ്പുറം:** കുടുംബശ്രീ ജില്ലാ മിഷന്റെ നേതൃത്വത്തിൽ നിലമ്പൂർ, കാളികാവ്, മങ്കട, വണ്ടൂർ, പെരിന്തൽമണ്ണ ബ്ലോക്കുകളിലെ മുപ്പതോളം സരംഭകരെയും വിതരണക്കാരെയും പങ്കെടുപ്പിച്ച് ബിസിനസ് ടു ബിസിനസ് മീറ്റ് സംഘടിപ്പിച്ചു. എ.ഡി.എം.സി ആർ. രഗീഷ് അധ്യക്ഷത വഹിച്ച പരിപാടി കുടുംബശ്രീ ജില്ലാമിഷൻ കോർഡിനേറ്റർ ബി. സുരേഷ് കുമാർ ഉദ്ഘാടനം ചെയ്തു. എം.ഇ.സി കെ. ഷൈജ പദ്ധതി വിശദീകരിച്ചു. കുടുംബശ്രീ സംരംഭകരുടെ ഉത്പന്നങ്ങൾ ഇടനിലക്കാരില്ലാതെ പ്രദേശിക വിപണിയിലേക്കെത്തിക്കുക വഴി സംരംഭകർക്ക് മികച്ച വരുമാനം ലഭ്യമാക്കുക എന്നതാണ് പരിപാടിയുടെ പ്രധാന ലക്ഷ്യം. പെരിന്തൽമണ്ണ പ്രൊവൈസ് എം.ഇ.സി ടീമിന്റെ സഹകരണത്തോടെ സംഘടിപ്പിച്ച പരിപാടിയിൽ ബ്ലോക്ക് കോർഡിനേറ്റർ ഒ. സ്മിത, ജില്ലാ പ്രോഗ്രാം മാനേജർമാർ, ബ്ലോക്ക് കോർഡിനേറ്റർമാർ, എം.ഇ.സി മാർ തുടങ്ങിയവർ പങ്കെടുത്തു.

## വിഷൻ 2031: പ്രവാസികാര്യ വകുപ്പിന്റെ സംസ്ഥാനതല സെമിനാർ 27 ന് മലപ്പുറത്ത്

**മലപ്പുറം:** 2031ൽ കേരളം 75 വർഷം പൂർത്തിയാക്കുന്ന സാഹചര്യത്തിൽ, സംസ്ഥാനത്തിന്റെ സമഗ്ര വികസന ലക്ഷ്യങ്ങൾ രൂപപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രവാസികാര്യ വകുപ്പിന്റെ വിഷൻ 2031 സംസ്ഥാനതല സെമിനാർ ഡിസംബർ 27 ന് മലപ്പുറത്ത് നടക്കും. മലപ്പുറം വുഡ്ബൈൻ ഹോട്ടലിൽ രാവിലെ 10ന് ആരംഭിക്കുന്ന സെമിനാർ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. നോർക്ക റൂട്ട്സ് റസിഡൻസ് വൈസ് ചെയർമാൻ പി. ശ്രീരാമകൃഷ്ണൻ പരിപാടിയിൽ അധ്യക്ഷത വഹിക്കും. ന്യൂനപക്ഷ ക്ഷേമ, കായിക, വഖഫ് വകുപ്പ് മന്ത്രി വി. അബ്ദുറഹ്മാൻ മുഖ്യപ്രഭാഷണവും ശുഭയാത്ര പദ്ധതി പ്രകാരമുള്ള വായ്പയുടെ സംസ്ഥാനതല വിതരണോദ്ഘാടനവും നടത്തും. എം.എൽ.എമാരായ പി. ഉബൈദുള്ള, കെ.ടി. ജലീൽ, പ്രവാസി ഫെഡറേഷൻ പ്രസിഡന്റ് കൂടിയായ ടൈസൺ മാസ്റ്റർ, പ്രവാസി ക്ഷേമനിധി ബോർഡ് ചെയർമാൻ ഗഫൂർ പി. ലില്ലീസ്, കേരള പ്രവാസി (കേരളീയർ) കമ്മീഷൻ ജസ്റ്റിസ് (റിട്ട). സോഫി തോമസ്, നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അജിത് കോളാശ്ശേരി തുടങ്ങിയവർ പങ്കെടുക്കും. നോർക്ക വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ടി.വി. അനുപമ സമീപന രേഖ അവതരിപ്പിക്കും. ലോക കേരളസഭ സെക്രട്ടറിയേറ്റ് ഡയറക്ടർ ആസിഫ് കെ .യൂസഫ് സ്വാഗതം ആശംസിക്കും.

സെമിനാറിൽ പ്രധാനമായും മൂന്ന് വിഷയങ്ങളെ അധികരിച്ചുള്ള പാനൽ ചർച്ചകൾ നടക്കും. നോർക്ക 2.0 പുതുതലമുറ പ്രവാസി ഭരണനിർവഹണ സാധ്യതകൾ എന്ന വിഷയത്തിൽ പി ശ്രീരാമകൃഷ്ണൻ ചെയർമാനായും നോർക്ക അഡീഷണൽ സെക്രട്ടറി എസ്.സിന്ധു, ലോക കേരളസഭാംഗം പി എം ജാബിർ, കേരള പ്രവാസി സംഘം ജനറൽ സെക്രട്ടറി ബാദുഷ കടലുണ്ടി എന്നിവർ പാനലിസ്റ്റുകളും നോർക്ക ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അജിത് കൊളാശേരി മോഡറേറ്ററായും ആദ്യ ചർച്ച നടക്കും.

നവ തൊഴിൽ അവസരങ്ങളും നൈപുണ്യ വികസനവും പ്രവാസത്തിന്റെ പശ്ചാത്തലത്തിൽ എന്ന വിഷയത്തിൽ സംസ്ഥാന ആസൂത്രണ ബോർഡ് വിദഗ്ധ അംഗം ഡോ. കെ.രവിരാമൻ ചെയർമാനും ലോക കേരളസഭ സെക്രട്ടറിയേറ്റ് ഡയറക്ടർ ആസിഫ് കെ. യൂസഫ് മോഡറേറ്ററായും നോർക്ക റൂട്ട്സ് റിക്രൂട്ട്മെന്റ് ജോയിന്റ് സെക്രട്ടറി ആന്റ് മാനേജർ പ്രകാശ് പി. ജോസഫ്, എം.ഇ.എസ്. മെഡിക്കൽ കോളേജ് പ്രൊഫസർ ഡോ. മുബാറക് സാനി, പ്രവാസി ലീഗ് പ്രസിഡന്റ് ഹനീഫ മുനിയൂർ എന്നിവർ പാനലിസ്റ്റുകളായും ചർച്ച നടക്കും.

കേരള വികസനവും പ്രവാസി പങ്കാളിത്തവും എന്ന വിഷയത്തിൽ കെ. ടി ജലീൽ എം.എൽ.എ ചെയർമാനായും ജസ്റ്റിസ്(റിട്ട) സോഫി തോമസ് മോഡറേറ്ററായും ഒ.കെ. ഐ.എച്ച്.എൽ മാനേജിങ് ഡയറക്ടർ ഡോ. ബാജു ജോർജ്, ഇന്ത്യൻ അസോസിയേഷൻ ഷാർജ പ്രസിഡന്റ് നിസാർ തളങ്കര, പ്രവാസി ഫെഡറേഷൻ പ്രസിഡന്റ് ടൈസൺ മാസ്റ്റർ എന്നിവർ പാനലിസ്റ്റുകളായും ചർച്ച നടക്കും.

വിഷൻ 2031 ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഉതകുന്ന നിർദ്ദേശങ്ങളും കാഴ്ചപ്പാടുകളും സെമിനാറിലൂടെ കണ്ടെത്തുകയാണ് സെമിനാറിന്റെ ലക്ഷ്യം. സംസ്ഥാനത്തെ 33 വകുപ്പുകളുടെ നേതൃത്വത്തിൽ നടക്കുന്ന വിഷൻ 2031 സെമിനാറുകളുടെ ഭാഗമായാണ് സംസ്ഥാന പ്രവാസി കാര്യ വകുപ്പിന്റെ സെമിനാർ സംഘടിപ്പിക്കുന്നത്. കഴിഞ്ഞ കാല പ്രവർത്തനങ്ങൾ വിലയിരുത്തി, 2031ഓടെ കൈവരിക്കേണ്ട വികസന ലക്ഷ്യങ്ങളും മാറ്റങ്ങളും സംബന്ധിച്ച് സെമിനാറിൽ ചർച്ച നടക്കും.

## ജീവിതശൈലി, ക്ഷയരോഗ നിയന്ത്രണം: സംയോജിത ശാക്തീകരണ പരിപാടിയ്ക്ക് തുടക്കമായി

**മലപ്പുറം:** പ്രമേഹം, രക്താതിസമർദ്ദം, പക്ഷാഘാതം, പാലിയേറ്റീവ്, വൃക്കരോഗം തുടങ്ങിയ ജീവിതശൈലീ രോഗമുള്ളവരിൽ ക്ഷയരോഗ സാധ്യത നേരത്തെ കണ്ടെത്തി ഫലപ്രദമായ ചികിത്സ ഉറപ്പാക്കുന്നതിനുള്ള ശാക്തീകരണ പരിപാടിക്ക് ജില്ലയിൽ തുടക്കമായി. ജീവിതശൈലീ രോഗമുള്ളവർക്ക് പ്രതിരോധശേഷി കുറയുന്നതിനാൽ ക്ഷയരോഗം പിടിപ്പെടാൻ സാധ്യത കൂടുതലാണ്. ഇത് നേരത്തെ കണ്ടെത്തി ചികിത്സ ആരംഭിച്ചാൽ സങ്കീർണ്ണതകൾ ഒഴിവാക്കാം. ഇക്കാര്യത്തിൽ ഫീൽഡ് ജീവനക്കാരുടെ കാര്യശേഷി മെച്ചപ്പെടുത്തുന്നതിനുള്ള ഏകദിന പരിശീലനവും ഇതോടനുബന്ധിച്ച് നടത്തി. മങ്കട സാമൂഹ്യരോഗ്യകേന്ദ്രം ഹാളിൽ നടന്ന പരിപാടി ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ഫിറോസ് ഖാൻ ഉദ്ഘാടനം ചെയ്തു. ജില്ലാ ടി.ബി. ഓഫീസർ ഡോ. കെ.എം.നൂന മർജ അധ്യക്ഷത വഹിച്ചു. പെരിന്തൽമണ്ണ എം.ഇ.എസ് മെഡിക്കൽ കോളേജ് ക്ഷയരോഗ നിയന്ത്രണ മെഡിക്കൽ ഓഫീസർ ഡോ. പി. ഫസീൽ പരിശീലനത്തിന് നേതൃത്വം നൽകി. ജില്ലാ എഡ്യുക്കേഷൻ മീഡിയ ഓഫീസർ കെ.പി. സാദിഖ് അലി, സീനിയർ കോർഡിനേറ്റർ ജേക്കബ് ജോൺ, ഹെൽത്ത് സൂപ്പർ വൈസർ പി. ഹരിദാസ്, എം.പി അബ്ദുൽകരീം, എം.സി.എച്ച് ഓഫീസർ ഒ. ശ്രീദേവി എന്നിവർ പ്രസംഗിച്ചു. മങ്കട, കൂട്ടിലങ്ങാടി, മക്കരപറമ്പ്, മൂർക്കനാട്, പുഴക്കാട്ടിരി, പാങ്ങ് എന്നീ കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ ആരോഗ്യപ്രവർത്തകരും എം.എൽ.എസ്.പിമാരും പങ്കെടുത്തു.

## ഒരു സംവിധായകൻ; നാല് സിനിമകൾ

# ആദ്യ ചിത്രം, അന്ധന്റെ ലോകം ചിത്രീകരണം ആരംഭിച്ചു



പ്രശസ്ത കലാസംവിധായകൻ സഹസ് ബാല സ്വതന്ത്ര സംവിധായകനാകുന്നു. നാല് കഥകൾ ഒരുക്കി സഹസ് ബാല സംവിധായകനാകുന്ന ആന്തോളജി സിനിമകളുടെ ആദ്യചിത്രം അന്ധന്റെ ലോകം ചിത്രീകരണം കൊച്ചിയിൽ ആരംഭിച്ചു. മലയാള സിനിമയിലെ ഏറ്റവും ശ്രദ്ധേയനും ഒട്ടേറെ അംഗീകാരങ്ങളും നേടിയിട്ടുള്ള കലാ സംവിധായകനാണ് സഹസ് ബാല. കഴിഞ്ഞ ഇരുപത് വർഷത്തിലേറെയായി മലയാളത്തിലെ മികച്ച സിനിമകൾക്ക് കലാസംവിധാനം ഒരുക്കിയ സഹസ് ബാല ആദ്യമായി സംവിധാന രംഗത്തേക്ക് പ്രവേശിക്കുന്ന ആദ്യചിത്രമാണ് അന്ധന്റെ ലോകം ആന്തോളജി വിഭാഗത്തിൽ സഹസ് ബാല ഒരുക്കുന്ന നാല് ചിത്രങ്ങളിൽ ആദ്യ സിനിമ കൂടിയാണ് അന്ധന്റെ ലോകം. ഒരു പെൺകുട്ടിയുടെയും പിതാവിന്റെയും വൈകാരികമായ ഹൃദയബന്ധങ്ങളുടെ കഥയും ജീവിതത്തിന്റെ മൂല്യബോധങ്ങളിലേക്ക് നമ്മെ വിളിച്ചുണർത്തുന്ന ഒരു പ്രമേയമാണ് അന്ധന്റെ ലോകമെന്ന് സംവിധായകൻ സഹസ് ബാല പറഞ്ഞു. ഏത് വിജയത്തിന്റെയും അടിസ്ഥാനം പണമല്ലെന്നും ജീവിതമൂല്യങ്ങളിലേക്കുള്ള വീക്ഷണമാണ് അതിന്റെ അടിസ്ഥാനമെന്നും ചിത്രം പറയുന്നു. കുടുംബ ബന്ധങ്ങളുടെ ഇഴയടുപ്പങ്ങൾ ഏറെ ഹൃദയഹാരിയായി ഈ ചിത്രം ഒപ്പിയെടുക്കുന്നുണ്ടെന്നും സംവിധായകൻ സൂചിപ്പിച്ചു.



ചിത്രത്തിന്റെ പൂജ ചടങ്ങുകൾക്ക് പ്രൊഡക്ഷൻ കൺട്രോളർ ഷാജി പട്ടിക്കര സ്വാഗതം ആശംസിച്ചു. നിർമ്മാതാക്കളിൽ ഒരാളായ ജീത്മ ആരംകുനിയിൽ സ്വിച്ച് ഓൺ കർമ്മം നിർവ്വഹിച്ചു. ഫസ്റ്റ് ക്ലാപ്പ് പ്രമുഖ ചലച്ചിത്ര സംഗീത സംവിധായകൻ അജയ് ജോസഫ് നടത്തി. ഏതാണ്ട് മലയാളത്തിലെ മുപ്പതോളം പ്രമുഖ താരങ്ങളെ അണിനിരത്തിയാണ് അണിയറയിൽ ഒരുങ്ങുന്ന നാല് ചിത്രങ്ങളും പ്രേക്ഷകരിലേക്ക് എത്തുന്നത്. കൊച്ചിയിലും പരിസര പ്രദേശങ്ങളിലുമാണ് അന്ധന്റെ ലോകം ചിത്രീകരിക്കുന്നത്. അഭിനേതാക്കൾ ദേവനന്ദ ജിബിൻ, പ്രശാന്ത് മുരളി, അനിയപ്പൻ, ബാലചന്ദ്രൻ ചുള്ളിക്കാട്, ശ്രീജേഷ് ശ്രീവത്സം, അശ്വതി പട്ടാമ്പി, പ്രബിൻ ബാലൻ, ലളിത കിഷോർ, ബാനർഫുൾമാർക്ക് സിനിമ, വി എസ് മീഡിയ, കഥതിരക്കഥസംഭാഷണംസംവിധാനം സഹസ് ബാല, നിർമ്മാണം ജെഷീദ ഷാജി, ജീത്മ ആരംകുനിയിൽ, ക്യാമറ രവിചന്ദ്രൻ, പ്രൊഡക്ഷൻ കൺട്രോളർ ഷാജി പട്ടിക്കര, കല അജയൻ കൊല്ലം, എഡിറ്റർരതിൻ രാധാകൃഷ്ണൻ വസ്ത്രാലങ്കാരം ബബിഷ കെ. രാജേന്ദ്രൻ, മേക്കപ്പ് റഹിം കൊടുങ്ങല്ലൂർ, പി ആർ ഒ പി ആർ സുമേരൻ, അസോസിയേറ്റ് ക്യാമറമാൻപ്രവീൺ നാരായണൻ സഹസംവിധാനം നിഹാൽ, സ്റ്റിൽസ് ഗിരിശങ്കർ, തുടങ്ങിയവരാണ് ചിത്രത്തിന്റെ അണിയറപ്രവർത്തകർ.




# പെണ്ണ് കേസ് ജനുവരി 16ന്

നിഖില വിമലിനോടൊപ്പം, ഹക്കീം ഷാജഹാൻ, രമേശ് പിഷാരടി, അജു വർഗീസ് എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി നവാഗതനായ ഫെബിൻ സിദ്ധാർത്ഥ് സംവിധാനം ചെയ്യുന്ന പെണ്ണ് കേസ് ജനുവരി പതിനാറിന് പ്രദർശനത്തിനെത്തുന്നു. ഇർഷാദ് അലി, അഖിൽ കവലയൂർ, കുഞ്ഞികൃഷ്ണൻ മാഷ്, ശ്രീകാന്ത് വെട്ടിയാർ, ജയകൃഷ്ണൻ, പ്രവീൺ രാജാ, ശിവജിത്, കിരൺ പീതാംബരൻ, ഷുക്കൂർ, ധനേഷ്, ഉണ്ണി നായർ, രഞ്ജി കങ്കോൽ, സഞ്ജു സനിച്ചൻ, അനാർക്കലി, ആമി, സന്ധ്യാ മനോജ്, ലാലി തുടങ്ങിയവരാണ് മറ്റ് താരങ്ങൾ. ഇഫോർ എക്സ്പെരിമെന്റ്സ്, സീ സ്റ്റുഡിയോസ്, ലണ്ടൻ ടാക്കീസ്, വി യു ടാക്കീസ് എന്റർടെയ്ൻമെന്റ്സ് എന്നീ ബാനറിൽ മുകേഷ് ആർ മേത്ത, ഉമേശ് കെ ആർ, രാജേഷ് കൃഷ്ണ, സി വി സാരഥി എന്നിവർ ചേർന്ന് നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം ഷിനോസ് നിർവഹിക്കുന്നു. രശ്മി രാധാകൃഷ്ണൻ, ഫെബിൻ സിദ്ധാർത്ഥ് എന്നിവർ ചേർന്ന് കഥ, തിരക്കഥ എഴുതുന്നു.

സംഗീതം: അങ്കിത് മേനോൻ, എഡിറ്റർ: ഷമീർ മുഹമ്മദ്,കോപ്രൊഡ്യൂസർ: അക്ഷയ് കെജ്രിവാൾ, അശ്വതി നടുത്തോളി, ക്രീയേറ്റീവ് പ്രൊഡ്യൂസർ: വിനോദ് സി ജെ, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ: വിനോദ് രാഘവൻ, പ്രൊഡക്ഷൻ ഡിസൈനർ: അർഷാദ് നക്കോത്ത്,ലൈൻ പ്രൊഡ്യൂസർ: പ്രേംലാൽ കെ കെ, പ്രൊഡക്ഷൻ കൺട്രോളർ: ജിനു പി കെ, മേക്കപ്പ്: ബിബിൻ തേജ, കോസ്റ്റ്യൂംസ് : അശ്വതി ജയകുമാർ, സ്റ്റിൽസ്: റിഷാജ് മുഹമ്മദ്, ഡിസൈൻ: യെല്ലോ ടൂത്ത്സ്, ചീഫ് അസോസിയേറ്റ് ഡയറക്ടർ: അസിഫ് കൊളക്കാടൻ,സൗണ്ട് ഡിസൈൻ: കിഷൻ മോഹൻ, സൗണ്ട് മിക്സിംഗ്: എം ആർ രാജാകൃഷ്ണൻ, കളറിസ്റ്റ്: ലിജു പ്രഭാകർ, ആക്ഷൻ: അഷറഫ് ഗുരുക്കൾ, വിഎഫ്എക്സ്: ഡിജിറ്റൽ ടെർബോ മീഡിയ, മാർക്കറ്റിംഗ് ഹെഡ്: വിവേക് രാമദേവൻ (ക്യാറ്റലിസ്റ്റ്),ഫിനാൻസ് കൺട്രോളർ: സോനു അലക്സ്, പി ആർ ഒ: എ എസ് ദിനേശ്




# കുട്ടികളുടെ ലോകവും അവരുടെ സ്വപ്നങ്ങളുമായി കരിമി; ആർദ്ര സതീഷ് നായിക

ഹാഫ് ലൈറ്റ് പ്രൊഡക്ഷൻസിന്റെ ബാനറിൽ നന്ദു പാലക്കാട് നിർമിച്ച് സുനിൽ പുള്ളോട് തിരക്കഥയെഴുതി സംവിധാനം നിർവഹിക്കുന്ന കരിമി എന്ന ഫാന്റസി ചിത്രത്തിൽ പുതുമുഖം ആർദ്ര സതീഷ് നായികയാവുന്നു. ഓഡിഷനിലൂടെ തെരഞ്ഞെടുക്കപ്പെട്ട നിരവധി കഴിവുറ്റ അഭിനേതാക്കളും മലയാളത്തിലെ പ്രമുഖ താരങ്ങൾക്കൊപ്പം ചിത്രത്തിൽ അണിനിരക്കുന്നു.

കുട്ടികളുടെ ലോകത്തെയും അവരുടെ സ്വപ്നങ്ങളേയും ആസ്പദമാക്കി ഒരുക്കുന്ന ഈ ചിത്രം മലയാളത്തിലും തമിഴിലും ഒരുക്കുന്നു. കുട്ടികൾക്ക് ഇഷ്ടപെടുന്ന രീതിയിൽ ഒരുക്കുന്ന ഈ സിനിമ ബാല്യം മനസിൽ സൂക്ഷിക്കുന്ന എല്ലാത്തരം പ്രേക്ഷകരേയും ആകർഷിക്കുമെന്ന് നിസംശയം പറയാം.

അത്ഭുതവും സാഹസികതയും സൗഹൃദവും ചേർത്തൊരുക്കുന്ന കരിമിഎന്ന ചിത്രത്തിന്റെ ചിത്രീകരണം ഉടൻ ആരംഭിക്കും. ഛായാഗ്രഹണം ഐസക്ക് നെടുന്താനം, എഡിറ്റർ പ്രഭുദേവ്, പ്രൊജക്റ്റ് ഡിസൈനർദീപു ശങ്കർ, ആർട്ട് കേശു പയ്യപ്പള്ളി, ബിജിഎം അൻവർ അമൻ, പ്രൊഡക്ഷൻ കൺട്രോളർഅബീബ് നിലഗിരി, പ്രൊഡക്ഷൻ കോഡിനേറ്റർ രാധാകൃഷ്ണൻ പപ്പി, പോസ്റ്റർ ഷനിൽ കൈറ്റ് ഡിസൈൻ, പി ആർ ഓ: എ.എസ്. ദിനേശ്, മനു ശിവൻ.




## ഷീ പവർ 2025 വനിതാ ഉച്ചകോടി

# സിംഗപ്പൂരിന് സമാനമായ വികസന വളർച്ച കൈവരിക്കാൻ കേരളത്തിന് കഴിയും: മന്ത്രി കെ.എൻ. ബാലഗോപാൽ

**കൊച്ചി:** സിംഗപ്പൂരിന് സമാനമായ വികസന വളർച്ച കൈവരിക്കാൻ കേരളത്തിന് ശേഷിയുണ്ടെന്ന് ധനമന്ത്രി കെ.എൻ. ബാലഗോപാൽ. കൊച്ചിറിനൈ ഹോട്ടലിൽ ചാനൽ അയാം സംഘടിപ്പിച്ച ഷീ പവർ 2025 വനിതാ ഉച്ചകോടി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. സംസ്ഥാനത്തിന് വികസനരംഗത്ത് വലിയ സാധ്യതകളാണുള്ളത്. വർക്ക് ഫ്രം ഹോം, വർക്ക് നിയർ ഹോം സംവിധാനങ്ങൾ സംരംഭക മേഖലയിലേക്ക് കൂടുതൽ സ്ത്രീകളെ ആകർഷിക്കുന്നുണ്ട്. ഫുഡ് പ്രൊസസിംഗ്, അപ്പാരൽ മേഖലകളിൽ കേരളത്തിൽ വലിയ സംരംഭക മുന്നേറ്റമാണ് ദൃശ്യമാകുന്നതെന്നും അദ്ദേഹം പറഞ്ഞു.

മാറുന്ന കാലത്തിന്റെ വെല്ലുവിളികൾ ഏറ്റെടുക്കാനും സാമ്പത്തികഡിജിറ്റൽ മേഖലകളിൽ സ്ത്രീകളെ സ്വയംപര്യാപ്തതയ്ക്ക് പ്രാപ്തരാക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഉച്ചകോടി സംഘടിപ്പിച്ചത്. വരുമാനം വർദ്ധിപ്പിക്കുന്നതിനൊപ്പം സുരക്ഷിതമായ നിക്ഷേപ രീതികൾ ശീലിക്കുക, സൈബർ ഭീഷണികളെ പ്രതിരോധിക്കുക, തൊഴിലിടങ്ങളിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാധ്യതകൾ പ്രയോജനപ്പെടുത്തുക തുടങ്ങിയ വിഷയങ്ങളിൽ കൃത്യമായ ദിശാബോധം പകർന്നു നൽകുന്നതായിരുന്നു ഷി പവർ 2025. സാമ്പത്തിക ആസൂത്രണത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് ഹെഡ്ജ് ഇക്വിറ്റീസ് സി.എം.ഡി അലക്സ് ബാബു, കിരൺ റിയാസ്, ആക്സിസ് ബാങ്ക് പ്രതിനിധികളായ വൈശാഖി ബാനർജി, സന്ദീപ് അഗർവാൾ എന്നിവർ സെഷനുകൾ നയിച്ചു. സൈബർ ഇടങ്ങളിലെ ചതിക്കുഴികളെക്കുറിച്ചും സുരക്ഷാ മുൻകരുതലുകളെക്കുറിച്ചും സൈബർ സുരക്ഷാ വിദഗ്ധ ഡോ. പട്ടത്തിൽ ധന്യ മേനോൻ ജാഗ്രതാ നിർദ്ദേശങ്ങൾ നൽകി. എഫ് 9 ഇൻഫോടെക് സി.ഇ.ഒ ജയകുമാർ മോഹനചന്ദ്രൻ, രാജേഷ് വിക്രമൻ എന്നിവരും ഇതേ വിഷയത്തിൽ സംവദിച്ചു.

സ്ത്രീകളുടെ ശാരീരികമാനസിക ആരോഗ്യത്തെക്കുറിച്ചും സോഷ്യൽ മീഡിയ ഉപയോഗത്തിൽ പുലർത്തേണ്ട അതിർവരമ്പുകളെക്കുറിച്ചും സൺറൈസ് ഹോസ്പിറ്റൽ എം.ഡി പർവീൺ ഹഫീസ്, സൺറൈസ് മെഡിക്കൽ ഡയറക്ടർ ഡോ. രഞ്ജിനി രാഘവൻ എന്നിവർ സംസാരിച്ചു. വിജയകരമായ സംരംഭങ്ങൾ കെട്ടിപ്പടുക്കുന്നതിലെ പ്രായോഗിക പാഠങ്ങൾ നാച്ചുറൽസ് സലൂൺ സി.എം.ഡി സി.കെ. കുമാരവേൽ, ഓക്സിജൻ ഫൗണ്ടർ ഷിജോ കെ. തോമസ് എന്നിവർ പങ്കുവെച്ചു. ഡിജിറ്റൽ റീട്ടെയിൽ മേഖലയിലെ സ്ത്രീസാന്നിധ്യം സംബന്ധിച്ച് വിവേക് കൃഷ്ണ ഗോവിന്ദ് വിഷയാവതരണം നടത്തി.കരിയർ വളർച്ചയ്ക്ക് എ.ഐ ടൂളുകൾ പ്രയോജനപ്പെടുത്തുന്നതിനെക്കുറിച്ച് ദീപു സേവ്യറും കുറഞ്ഞ നിക്ഷേപത്തിൽ തുടങ്ങാവുന്ന ബിസിനസ് ആശയങ്ങളെക്കുറിച്ച് ബ്ലെയ്സ് നൊറോണയും ക്ലാസ്സുകൾ നയിച്ചു. സമ്പാദ്യ പദ്ധതികളെക്കുറിച്ച് ശ്രീവിദ്യ വി. പൈ വിശദീകരിച്ചു. ഗായിക അഭയ ഹിരൺമയി, മാധ്യമപ്രവർത്തക ലക്ഷ്മി പത്മ എന്നിവർ പങ്കെടുത്ത ഫയർസൈഡ് ചാറ്റ് ശ്രദ്ധേയമായി. വിവിധ മേഖലകളിൽ കഴിവ് തെളിയിച്ചവർക്കുള്ള അവാർഡുകളും ചടങ്ങിൽ വിതരണം ചെയ്തു. ചാനൽ അയാം ഫൗണ്ടർ നിഷ കൃഷ്ണൻ, പ്രമുഖ വ്യവസായികൾ, വിദഗ്ധർ തുടങ്ങിയവർ പങ്കെടുത്തു.

# ത്രിദിന വെൽഡിംഗ് സെമിനാറിന് തുടക്കമായി




**കൊച്ചി:** ദി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വെൽഡിംഗ് ദേശീയ വെൽഡിംഗ് ത്രിദിന സെമിനാർ ഗോകുലം പാർക്ക് കൺവെൻഷൻ സെന്ററിൽ ആരംഭിച്ചു. സുസ്ഥിര പരിസ്ഥിതിക്ക് വെൽഡിംഗ് രംഗത്തെ നൂതന കണ്ടെത്തലുകൾ എന്ന വിഷയത്തിലായിരുന്നു സെമിനാർ. വെൽഡിംഗ് സെമിനാർ ന്യൂക്ലിയർ പവർ കോർപറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് ഡയറക്ടർ പി. എ സുരേഷ് ബാബു ഉദ്ഘാടനം ചെയ്തു. ആണവ മേഖലയ്ക്ക് ഉൾപ്പെടെ ഏതൊരു വ്യവസായത്തിനും വെൽഡിംഗ് വളരെ പ്രധാനപ്പെട്ടതും നിർണായകവുമായ പ്രവർത്തനമാണെന്നും വളരെ ശ്രദ്ധ ചെലുത്തിയാണ് ഈ രംഗത്തുള്ളവർ മുന്നേറുന്നതെന്നും പി. എ സുരേഷ് ബാബു പറഞ്ഞു.വ്യവസായങ്ങളിൽ വെൽഡിംഗ് നിർണായകമെന്നതു പോലെ അനിശ്ചിതത്വം നിറഞ്ഞതുമാണ്. ബയോടെക്നോളജി രംഗത്ത് ലേസർ വെൽഡിംഗും വ്യാപകമായി ഉപയോഗപ്പെടുത്തുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു. വെൽഡിംഗും ഫാബ്രിക്കേഷനും ഒരിക്കൽ ലോകത്തെ തന്നെ മാറ്റിമറിച്ചിരുന്നു. അതുപോലെ ഭാവിയിലും ഇതേസ്ഥിതി തുടരുമെന്നും പി. എ സുരേഷ് ബാബു പറഞ്ഞു.

സെമിനാറിൽ 92ലധികം സാങ്കേതിക പ്രബന്ധങ്ങളാണ് അവതരിപ്പിക്കുകയെന്ന് ദി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വെൽഡിംഗ് പ്രസിഡന്റ് ജോസ് പി ഫിലിപ്പ് പറഞ്ഞു. നിർമാണ മേഖലയിലെ പുതിയ പുരോഗതികളും നവീകരണങ്ങളും പ്രദർശിപ്പിക്കുമെന്നും വിദഗ്ധർ പങ്കുവെക്കുന്ന അനുഭവങ്ങളിലൂടെ പുതിയ കാര്യങ്ങൾ മനസ്സിലാക്കാനാവുമെന്നും അദ്ദേഹം പറഞ്ഞു.ഐ. ടി മേഖലയ്ക്ക് സമാനമായാണ് നിർമാണ മേഖലയും പ്രവർത്തിക്കുന്നതെന്നും പുതിയ സാങ്കേതിക വിദ്യകളും പുതിയ യന്ത്രങ്ങളും പുതിയ പ്രക്രിയകളും അവതരിപ്പിക്കപ്പെടുകയാണെന്നും അദ്ദേഹം വ്യക്തമാക്കി.

കൊച്ചിൻ ഷിപ്യാർഡ് ടെക്നിക്കൽ ഡയറക്ടർ രാജേഷ് ഗോപാലകൃഷ്ണൻ, ഫാക്ട് ഫിനാൻസ് ഡയറക്ടർ എസ് ശക്തിമണി, ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വെൽഡിംഗ് വൈസ് പ്രസിഡന്റ് ആർ ശ്രീനിവാസൻ, ഡയറക്ടർ ദീപക് ആചാര്യ, ദി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വെൽഡിംഗ് കൊച്ചിൻ ബ്രാഞ്ച് ചെയർമാൻ പ്രസാദ് അമ്പാട്ട്, ഹോണററി സെക്രട്ടറി പ്രദീപ് കെ എന്നിവർ പ്രസംഗിച്ചു.സെമിനാർ 20ന് സമാപിക്കും.

# എയർ ബിഎൻബി സംഗീത പരിപാടി മുംബൈയിൽ



**കൊച്ചി:** എയർബിഎൻബി ആഗോള ലൈവ് മ്യൂസിക് പങ്കാളിത്തത്തിന്റെ ഭാഗമായി ജനുവരി 24, 25 തീയതികളിൽ മുംബൈയിൽ ലൊല്ലാപലൂസ ഇന്ത്യ 2026 സംഘടിപ്പിക്കുന്നു. മഹാലക്ഷ്മി റേസ്കോഴ്സിൽ നടക്കുന്ന പരിപാടിയിൽ അങ്കുർ തിവാരി, ഒഎഎഫ്എഫ്, സവേര, റാഷി സംഘ്വി എന്നിവർ അണിനിരക്കും. ബാക്ക്സ്റ്റേജ് ആക്ഷൻ, ആർട്ടിസ്റ്റ് നയിക്കുന്ന സെഷനുകൾ, പിന്നണിയിലേക്കുള്ള പ്രവേശനം എന്നിവയെല്ലാം ആസ്വദിക്കാൻ ആരാധകർക്ക് ഒരു അപൂർവ അവസരമാണ് എയർ ബിഎൻബി ഒരുക്കുന്നത്. പരിപാടിയുടെ ബുക്കിംഗുകൾ ആരംഭിച്ചു.

## വ്യവസായ ഉത്പന്ന പ്രദർശന വിപണന മേള

**ബത്തേരി:** നടവയൽ ഫെസ്റ്റിനോടനുബന്ധിച്ച് ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ വ്യാവസായിക ഉത്പ്പന്ന പ്രദർശനവിപണന മേള സംഘടിപ്പിക്കും. ഡിസംബർ 25 മുതൽ 2026 ജനുവരി ഒന്ന് വരെ നടവയൽ സെന്റ് തോമസ് സ്കൂൾ ഗ്രൗണ്ടിൽ നടക്കുന്ന മേള ഡിസംബർ 25 വൈകുന്നേരം മൂന്നിന് പട്ടിക ജാതിപട്ടിക വർഗ്ഗപിന്നാക്ക ക്ഷേമ വകുപ്പ് മന്ത്രി ഒ.ആർ. കേളു ഉദ്ഘാടനം ചെയ്യും. ജില്ലയിലെ 40 ലധികം എം.എസ്.എം.ഇ യൂണിറ്റുകൾ മേളയിൽ പങ്കെടുക്കും. എല്ലാ ദിവസവും രാവിലെ 11 മുതൽ രാത്രി ഒൻപത് വരെ പ്രദർശന വിപണന മേള നടക്കും. തേൻ, മുള, കാപ്പി എന്നിവയിൽ നിന്നുള്ള മുല്യവർദ്ധിത ഉത്പന്നങ്ങൾ, മൺപാത്രങ്ങൾ, മറ്റ് തനത് ഉത്പന്നങ്ങൾ എന്നിവ മേളയിലുണ്ടാകും.

## ശിൽപ്പശാലകളുമായി എച്ച്.ഡി.എഫ്.സി. ബാങ്ക്

**കൊച്ചി:** ഇന്ത്യയിലെ മുൻനിര സ്വകാര്യ മേഖലാ ബാങ്കായ എച്ച്.ഡി.എഫ്.സി. ബാങ്ക്, ഡിജിറ്റൽ ബാങ്കിംഗ് ബോധവൽക്കരണ യജ്ഞത്തിന്റെ ഭാഗമായി ഇന്ത്യയിലുടനീളം സൈബർ തട്ടിപ്പ് ബോധവൽക്കരണ ശില്പശാലകൾ നടത്തി. 2025 ഏപ്രിൽ മുതൽ, 27,000ത്തിലധികം പൗരന്മാരെ സുരക്ഷിത ഡിജിറ്റൽ ബാങ്കിംഗ് സമ്പ്രദായങ്ങളെക്കുറിച്ച് ബോധവൽക്കരിക്കുന്നതിനായി ബാങ്ക് 4,000ത്തിലധികം ശില്പശാലകൾ സംഘടിപ്പിച്ചു.

സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ, മുതിർന്ന പൗരന്മാർ, സ്വയം സഹായ ഗ്രൂപ്പുകൾ, ഉപഭോക്താക്കൾ, ജീവനക്കാർ എന്നിവരെ ബോധവൽക്കരിക്കുക എന്നതാണ് ഈ ശില്പശാലകളുടെ ലക്ഷ്യം. സൈബർ തട്ടിപ്പുകൾക്ക് ഇരയാകാതിരിക്കാൻ സുരക്ഷിത ഡിജിറ്റൽ ബാങ്കിംഗ് സമ്പ്രദായങ്ങളെക്കുറിച്ചുള്ള ഈ സംവേദനാത്മക സെഷനുകളിലൂടെ പങ്കാളികൾക്ക് വിലപ്പെട്ട ഉൾക്കാഴ്ചകൾ ലഭിച്ചു. യഥാർത്ഥ ജീവിത ഉദാഹരണങ്ങൾ, കഥകൾ, വീഡിയോകൾ എന്നിവ ശില്പശാലകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്, ഇത് തട്ടിപ്പുകാർ ഉപയോഗിക്കുന്ന വിവിധ രീതികളും അത്തരം തട്ടിപ്പുകളിൽ നിന്ന് എങ്ങനെ സുരക്ഷിതരായിരിക്കാമെന്നതിനെക്കുറിച്ചുള്ള നുറുങ്ങുകളും പങ്കാളികൾക്ക് മനസ്സിലാക്കാൻ സഹായിച്ചു. ഈ സെഷനുകളിൽ പലതും നിയമ നിർവ്വഹണ ഏജൻസികളുമായി (എൽ.ഇ.എ.) സഹകരിച്ചാണ് നടത്തിയത്.

## കൊച്ചിമുസിരിസ് ബിനാലെ നാല് റെസിഡൻസി പ്രോഗ്രാമുകൾക്ക് തുടക്കമായി

**കൊച്ചി:** കൊച്ചിമുസിരിസ് ബിനാലെയ്ക്ക് സമാന്തരമായി കൊച്ചി ബിനാലെ ഫൗണ്ടേഷൻ സംഘടിപ്പിക്കുന്ന നാല് റെസിഡൻസി പരിപാടികൾക്ക് തുടക്കമായി. മട്ടാഞ്ചേരിയിലെ ദേവസ്സി ജോസ് ആൻഡ് സൺസിൽ നടക്കുന്ന പ്രോഗ്രാമിൽ നാല് കലാസൃഷ്ടികളാണ് പ്രദർശിപ്പിച്ചിരിക്കുന്നത്. ജർമ്മൻ ആർട്ടിസ്റ്റുകളായ ഫ്ളോ മാക്ക്, ജൂലിയാനെ 9യുടുബ്കെ എന്നിവരുടെ കലാസൃഷ്ടി പ്രകൃതിയും മനുഷ്യനുമായുള്ള ഇടതൂർന്ന ബന്ധമാണ് പ്രതിപാദിക്കുന്നത്. അന്തകവിളകളും ഭക്ഷ്യവിളകളും തമ്മിലുള്ള സഹവർത്തിത്വമാണ് ഫ്ളോമാക്കിന്റെ പ്രമേയം. പ്രകൃതിയും മനുഷ്യനും പരസ്പരസഹായം ചെയ്തുകൊണ്ടുള്ള നിലനിൽപ്പിനെ ജൂലിയനെ എടുത്തു കാട്ടുന്നു. ഫ്രാങ്കഫർട്ടിലും ന്യൂയോർക്കിലും പഠനം പൂർത്തിയാക്കിയ ജൂലിയാനെ ദക്ഷിണ കൊറിയയിലെ സിയൂളിലെ ചങ്അങ് സർവകലാശാലയിലെ ഫോട്ടോഗ്രഫി അധ്യാപകനാണ്. മെക്സിക്കോയിലെ ഒക്സാക്ക മേഖലയിലെ ആദിവാസി ജനവിഭാഗത്തിലെ കലകളുടെ സംഗ്രഹമാണ് ഡാനിയേൽ ഗോഡിനെസ് നിവോൺ ഒരുക്കിയിട്ടുള്ളത്. സ്വപ്നങ്ങളിലൂടെ പ്രകൃതി ക്ഷോഭങ്ങൾ മനസിലാക്കാനും പൊതുഭാവനയെ ഉണർത്താനും എങ്ങിനെ സാധിക്കുമെന്ന് കാണിക്കുന്നു.സ്വപ്നങ്ങളുടെ ഭാഷയിലേക്കുള്ള ഊളിയിട്ടിറങ്ങലാണ് ശിവായ് ലെയുടെ കലാസൃഷ്ടി. വൈവിധ്യമാർന്ന മാധ്യമങ്ങളിലൂടെ അപരിചിതവും ബഹുമുഖവുമായ ലോകത്തെയും പുനരന്വേഷിക്കുന്നതാണിത്.

# ഇയർ ഇൻ കോൺവെർസേഷൻ 2025 റിപ്പോർട്ട് പുറത്തിറക്കി ഫ്രണ്ട് ആപ്പ്

**കൊച്ചി**: ഇന്ത്യയിലെ ജനങ്ങളുടെ ഡിജിറ്റൽ ബിഹേവിയർ പാറ്റേൺ രേഖപ്പെടുത്തുന്ന ഇയർ ഇൻ കോൺവെർസേഷൻ 2025 പഠന റിപ്പോർട്ട് പുറത്തിറക്കി ഇന്ററാക്ട് ഗ്രൂപ്പിന്റെ ഇന്ത്യയിലെ ആദ്യ അവതാർ അധിഷ്ഠിത ഓഡിയോ സോഷ്യൽ ഡിസ്കവറി പ്ലാറ്റ്ഫോമായ ഫ്രണ്ട് . പ്ലാറ്റ്ഫോമിലെ ആകെ എൻഗേജ്മെന്റുകളുടെ 92 ശതമാനവും ടയർ 1 നഗരങ്ങൾക്ക് പുറത്തുനിന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. രാജ്യത്തെ ഏറ്റവും വൈകാരികവും അർത്ഥവത്തുമായ ഡിജിറ്റൽ സൗഹൃദങ്ങൾക്ക് രൂപം നൽകുന്നത് ഇന്ത്യയിലെ ടയർ 2, ടയർ 3 നഗരങ്ങളാണെന്ന പുതിയ കണ്ടെത്തലാണ് റിപ്പോർട്ടിലൂടെ പുറത്തുവന്നിരിക്കുന്നത്.




കണക്കുകൾ പ്രകാരം എറണാകുളം മുതൽ അനന്തനാഗ്, ജാംനഗർ വരെയുമുള്ള ഉപയോക്താക്കൾ കൂടുതലായും വോയ്സ്ലെഡ് കംബാനിയൻഷിപ്പുകൾ, വാരാന്ത്യ വീഡിയോ കോളുകളിലും പ്രാദേശിക എക്സ്പ്രഷനുകളിലുമെല്ലാം സജീവമായി ഏർപ്പെട്ടിരിക്കുന്നത്.

ഇതിനോടകം ഇന്ത്യയിൽ 285 മില്യണിലധികം സംഭാഷണങ്ങളാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഫ്രണ്ട് ആപ്പിൽ മൊത്തം 418 മില്യൺ മിനിറ്റുകൾ ഉപയോക്താക്കൾ ചെലവഴിച്ചു. തെലങ്കാന, തമിഴ്നാട്, കർണാടക, കേരളം, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിലെ ഉപയോക്താക്കളാണ് ഈ വർഷം ഏറ്റവും കൂടുതൽ സംഭാഷണങ്ങൾ നടത്തിയിരിക്കുന്നത്. 95 ശതമാനം പുതിയ ഉപയോക്താക്കളും മെട്രോ ഇതര പ്രദേശങ്ങളിൽ നിന്നാണ് ചേർന്നിരിക്കുന്നത്. 79 ശതമാനം ആളുകളും മിഡ്ലെവൽ, എൻട്രിലെവൽ ഡിവൈസുകൾ ഉപയോഗിക്കുന്നവരാണ്. ഈ പ്ലാറ്റ്ഫോമിലെ ഏറ്റവും ദൈർഘ്യമേറിയ കോൾ 1247 മിനിറ്റ് (ഏകദേശം 20.3 മണിക്കൂർ) ആയിരുന്നു. 2025ൽ മാത്രം 201 മില്യൺ പുതിയ സംഭാഷണങ്ങളാണ് സ്ഥാപിക്കപ്പെട്ടത്.

ഓരോ ശനിയാഴ്ചയും വീഡിയോ കോളുകളിൽ 8 ശതമാനം വരെ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. ദീപാവലി ദിനത്തിലായിരുന്നു ഒരു ദിവസം നടന്ന റെക്കോർഡ് സംഭാഷണങ്ങൾ 4.04 ലക്ഷം സംഭാഷണങ്ങളാണ് അന്ന് രേഖപ്പെടുത്തിയത്. 'റോസ്', ചായ് എന്നിവയായിരുന്നു ഏറ്റവും ജനപ്രിയമായ വെർച്വൽ സമ്മാനങ്ങൾ. 2025ൽ ആകെ 974 മില്യൺ വെർച്വൽ സമ്മാനങ്ങളാണ് കൈമാറ്റം ചെയ്യപ്പെട്ടത്. യുഎസ്, യുകെ, മലേഷ്യ, ഓസ്ട്രേലിയ എന്നിവിടങ്ങളിൽ നിന്നും ഉപയോക്താക്കൾ ചേരുന്നതോടെ, ഫ്രണ്ട് ആഗോളതലത്തിലും ശ്രദ്ധ നേടുന്നു.

ഇന്ത്യയുടെ ഡിജിറ്റൽ എൻഗേജ്മെന്റ് രീതികൾ അടിമുടി മാറുകയാണ്. യുവ ഉപയോക്താക്കൾ നേരിട്ടുള്ളതും സുരക്ഷിതവുമായ സംഭാഷണങ്ങളാണ് തിരഞ്ഞെടുക്കുന്നത്. ഈ മാറ്റത്തിന് നേതൃത്വം നൽകുന്നത് മെട്രോ നഗരങ്ങളേക്കാൾ ഉപരി, ടയർ 2 4 പ്രദേശങ്ങളാണ്, ഇന്ററാക്ട് ഗ്രൂപ്പിന്റെ സഹസ്ഥാപകനും സിഇഒയുമായ ഭാനു പ്രതാപ് സിംഗ് തൻവാർ പറഞ്ഞു.

6.9 മില്യണോളം വരുന്ന ഉപയോക്താക്കളുടെ ഡാറ്റ, ഉപയോക്തൃ സ്വഭാവം, പ്രാദേശിക ട്രെൻഡുകൾ എന്നിവ വിശകലനം ചെയ്താണ് ഇയർ ഇൻ കോൺവെർസേഷൻ 2025 റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

# ഐപിഒയിൽ നേട്ടംകൊയ്ത് ഐസിഐസിഐ പ്രുഡൻഷ്യൽ എഎംസി

കൊച്ചി: രാജ്യത്തെ പ്രമുഖ അസറ്റ് മാനേജ്മന്റ് കമ്പനിയായ ഐസിഐസിഐ പ്രുഡൻഷ്യൽ എഎംസിയുടെ പ്രാരംഭ ഓഹരി വില്പനയ്ക്ക് (ഐപിഒ) ലഭിച്ചത് വൻ സ്വീകാര്യത. ഐപിഒ അവസാനിച്ച ഡിസംബർ 16ന് മാത്രം 39.2 മടങ്ങ് അപേക്ഷകരാണ് ഓഹരികൾക്കായി വിപണിയിലെത്തിയത്. ഏകദേശം 2.96 ലക്ഷം കോടി രൂപയുടെ ധനസമാഹരണമാണ് 5 ദിവസങ്ങളിലായി നടന്ന ഐപിഒയിലൂടെ ഐസിഐസിഐ പ്രുഡൻഷ്യൽ എഎംസി നേടിയത്. ഈ വർഷത്തെ ഏറ്റവും ഉയർന്ന രണ്ടാമത്തെ വിപണി പ്രകടനമാണ് ഐസിഐസിഐ പ്രുഡൻഷ്യൽ എഎംസി ഓഹരികൾക്ക് നേടാനായത്. ഐപിഒ ആരംഭിക്കുന്നതിന് മുൻപ് നൂറോളം വൻകിട നിക്ഷേപകരിൽനിന്നും 3,021 കോടി രൂപ സമാഹരിച്ചതായി ഐസിഐസിഐ പ്രുഡൻഷ്യൽ എഎംസി പുറത്തിറക്കിയ വാർത്താക്കുറിപ്പിൽ അറിയിച്ചു.

# ഓൾകാർഗോ സേവനം ഇനി രാജ്യമെമ്പാടും

**കൊച്ചി:** ഓൾ കാർഗോ ലോജിസ്റ്റിക്സ് ലിമിറ്റഡ് രാജ്യമെങ്ങും സേവനം ഉറപ്പു വരുത്തുന്നതിന് എക്സ്റ്റെൻഡഡ് റീച്ച് (എഇആർ) പദ്ധതി ആരംഭിച്ചു. ഇതനുസരിച്ച് രാജ്യവ്യാപകമായി 32,000 ത്തിലധികം പിൻകോഡുകളിൽ സേവനമെത്തും. നേരത്തേയുണ്ടായിരുന്ന എക്സ്ട്രാ സർവീസ് സ്റ്റേഷൻസ് പദ്ധതി വിപുലീകരിച്ചാണ് എഇആർ ആരംഭിച്ചത്. വികസിക്കുന്ന വിപണികളും വികസനം തേടുന്നവയും ഉൾപ്പടെ 100 ശതമാനം പ്രദേശങ്ങളിലും ഇനി മുതൽ കമ്പനിയുടെ സാന്നിധ്യം ഉണ്ടാകും.

21,000 പിൻകോഡ് കേന്ദ്രങ്ങളുണ്ടായിരുന്ന സ്ഥാനത്താണ് പുതിയ സംവിധാനം നിലവിൽ വന്നതോടെ 32,000 പിൻകോഡുകളിലേക്ക് ഓൾ കാർഗോ സേവനമെത്തുന്നത്. അതിവേഗത്തിൽ നേരിട്ട് കാർഗോ എത്തുന്ന പിൻകോഡ് കേന്ദ്രങ്ങളുടെ എണ്ണം 4,900 ത്തിൻ നിന്നും 10,000 ആയി ഉയർന്നിട്ടുമുണ്ട്.

# നിസാൻ 7സീറ്റർ ബിഎംപിവി ഗ്രാവൈറ്റ് അവതരിപ്പിച്ചു




**കൊച്ചി:** നിസാന്റെ ഏഴ് സീറ്റർ ബിഎംപിവി ഗ്രാവൈറ്റ് അവതരിപ്പിച്ചു. 2026 തുടക്കത്തിൽ ഗ്രാവൈറ്റ് വിപണിയിലെത്തും. ഇന്ത്യയ്ക്കായി തയ്യാറാക്കിയ നിസാൻ ബ്രാൻഡിന്റെ പുതിയ ലൈൻഅപ്പിൽ നിന്ന് പുറത്തിറങ്ങുന്ന ആദ്യ ഉൽപ്പന്നമാണിത്. ആധുനിക ന്ത്യൻ കുടുംബങ്ങളുടെ ആവശ്യങ്ങൾ മുൻനിർത്തി പ്രത്യേകം രൂപകൽപ്പന ചെയ്ത ഗ്രാവൈറ്റ്, അതുല്യമായ ബഹുമുഖതയും മോഡുലാരിറ്റിയും നൽകുന്നു. ഗ്രാവിറ്റി എന്ന വാക്കിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടാണ് സമതുലിതാവസ്ഥ, സ്വാഭാവിക സ്ഥിരത, ശക്തമായ ആകർഷണം എന്നിവയെ സൂചിപ്പിക്കുന്ന ആശയമുള്ള ഗ്രാവൈറ്റ് അവതരിപ്പിച്ചത്.

ഇന്ത്യൻ ഉപഭോക്താക്കളുടെ ആവശ്യങ്ങൾക്കനുസൃതമായി ക്രമീകരിച്ച ലൈൻഅപ്പ് ഈ സജീവ വിപണിയോടുള്ള പ്രതിബദ്ധതയെ പ്രതിഫലിപ്പിക്കുന്നതായി നിസാൻ ആഫ്രിക്ക, മിഡിൽ ഈസ്റ്റ്, ഇന്ത്യ, യൂറോപ്പ് & ഓഷ്യാനിയ ചെയർപേഴ്സൺ മാസിമിലിയാനോ മെസ്സിന പറഞ്ഞു. പുതുമയുള്ള ഗ്രാവൈറ്റ്, ഇന്ത്യൻ വിപണിയുടെ മാറിവരുന്ന സ്വഭാവത്തിലേക്ക് നിസാൻ മോട്ടോർ ഇന്ത്യ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിന്റെ സാക്ഷ്യമാണെന്ന് നിസാൻ മോട്ടോർ ഇന്ത്യ മാനേജിംഗ് ഡയറക്ടർ സൗരഭ് വത്സ പറഞ്ഞു.

പ്രത്യേകത പുലർത്തുന്ന ഹുഡ് ബ്രാൻഡിംഗും വ്യത്യസ്തമായ റിയർഡോർ ബാഡ്ജിംഗും ഉൾക്കൊള്ളുന്ന ഏക വാഹനമാണ് ഗ്രാവൈറ്റ്.

ഗ്രാവൈറ്റ്, ചെന്നൈയിൽ പ്രാദേശികമായി നിർമ്മിക്കും. 2024 ജൂലൈയിൽ നിസാൻ മോട്ടോർ ഇന്ത്യ പ്രഖ്യാപിച്ച ലൈനപ്പിലെ രണ്ടാം മോഡലായി പ്രഖ്യാപിച്ച ഗ്രാവൈറ്റ്, കമ്പനിയുടെ മുന്നേറ്റ ഗതിയെ ശക്തമായി അടയാളപ്പെടുത്തുന്നു.

2026 തുടക്കത്തിൽ ഗ്രാവൈറ്റ് പുറത്തിറങ്ങും; തുടർന്ന് 2026 മധ്യത്തിൽ ടെക്ടൺ, 2027 തുടക്കത്തിൽ 7സീറ്റർ സിഎസ് യു വിയും അവതരിപ്പിക്കും. ഗ്രാവൈറ്റിന്റെ ഫീച്ചറുകളും വില ഉൾപ്പെടെയുള്ള കൂടുതൽ വിവരങ്ങളും പിന്നീട് പ്രഖ്യാപിക്കും.


